# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 380 12.05.2017-ൽ മറുപടിയ്ക്ക്

## സർക്കാർ സർവ്വീസിൽ പട്ടിക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.സി.കൃഷ്ണൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സർവ്വീസിൽ ഭരണഘടനാനുസൃതമായ സംവരണ തത്വം പാലിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംവരണ മാനദണ്ഡങ്ങൾ ലംഘിച്ചു കൊണ്ട് എവിടെയെങ്കിലും നിയമന നടപടികൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമാനുസൃത പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. സർക്കാർ സർവ്വീസിലെ ജീവനക്കാരെ ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നിങ്ങനെ മൂന്ന് വിഭാഗമാക്കി തിരിച്ച് എല്ലാ വർഷവും ജനവരി ഒന്ന് അടിസ്ഥാനമാക്കി ടി തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 8%വും പട്ടികവർഗ്ഗ വിഭാഗത്തിന് 2%വും ഉൾപ്പെടെ ആകെ 10% പ്രാതിനിധ്യമുണ്ടോ എന്ന് അവലോകനം ചെയ്യുകയും, ഏതെങ്കിലും വിഭാഗത്തിൽ നിയമാനുസൃതമായ പ്രാതിനിധ്യത്തിൽ കുറവ് കണ്ടെത്തുന്ന പക്ഷം അത് പരിഹരിക്കുന്നതിനാവശ്യമായ തസ്തികകൾ കണ്ടെത്തി പ്രത്യേക നിയമനത്തിനായി റിസർവ്വ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിലൂടെ നിയമാനുസൃതമായ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | നിയമനത്തിലും പ്രമോഷനിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഡി) | അതത് കാലത്തുണ്ടാകുന്ന ഒഴിവുകൾ കൃത്യമായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികളോട് വിശദീകരണം തേടണമെന്നും സർക്കാർതല ഇടപെടലുകൾ നടത്തണമെന്നും വ്യക്തമാക്കി പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിൽ പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാരുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനും. |

| | | | |
|---|---|---|---|
| | | | അപര്യാപ്തമാണെങ്കിൽ അത്തരം പോരായ്മകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ കമ്മീഷൻ പരിഗണിക്കുന്നു. അർഹരായ ഉദ്യോഗാർത്ഥികൾക്ക് കൃത്യമായ സംവരണം പാലിച്ച് ഒഴിവ് വരുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനും വരാനിരിക്കുന്ന ഒഴിവുകളുടെ സാദ്ധ്യതാ പട്ടികകൾ ഉടനടി പ്രസിദ്ധീകരിക്കുന്നതിനും വേണ്ട ഉത്തരവുകൾ കമ്മീഷൻ നൽകിവരുന്നുണ്ട്. മേൽ വിഭാഗങ്ങൾക്ക് നിയമാനുസൃതം അവകാശപ്പെട്ട തോതിലുള്ള സംവരണം ലഭ്യമാക്കി ഇവരുടെ പ്രാതിനിധ്യം കൃത്യമായി ഉറപ്പ് വരുത്തുന്നതിനായി അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ നഷ്ടപ്പെടാത്ത രീതിയിൽ സമയബന്ധിതമായി ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റികൾ കൂടുക, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യമില്ലാത്ത വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനങ്ങൾ നടത്തുക, ഇവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുക എന്നീ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ